**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*28 — 28.01.2019 ൽ മറുപടിക്ക്

## പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം<br>,, പി.വി. അൻവർ<br>,, മുരളി പെരുനെല്ലി<br>,, കെ.വി.വിജയദാസ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആരോഗ്യപരിരക്ഷ ജനങ്ങളുടെ അവകാശമെന്ന സർക്കാർ നിലപാടിനനുസൃതമായി പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ: | (എ) | ആരോഗ്യ പരിരക്ഷയ്ക്കായി പകർച്ച വ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും വേണ്ടിയുള്ള വാർഷിക കർമ്മപദ്ധതി പ്രവർത്തനകലണ്ടർ അടക്കം തയ്യാറാക്കി സമയബന്ധിതമായി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. 2018-ൽ ആരോഗ്യ ജാഗ്രത എന്ന പേരിൽ നടപ്പിലാക്കിയ ഈ പരിപാടി 2019 ലും തുടർന്നുവരുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു:<br>• പകർച്ചവ്യാധികളുടെ സാമൂഹിക നിർണ്ണയ ഘടകങ്ങൾ ആയ മാലിന്യ നിർമാർജനം, ശുദ്ധജല വിതരണം, കൊതുകനിവാരണം തുടങ്ങിയവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.<br>• യുണൈറ്റഡ് നാഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി മലമ്പനി, മന്തുരോഗം, ക്ഷയരോഗം, കുഷ്ഠരോഗം, കാലാഅസർ, എയിഡ്സ്, ജലജന്യരോഗങ്ങൾ തുടങ്ങിയവ നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br>• ഐ.ഡി .എസ്.പി/എൻ.വി.ബി.ഡി.സി.പി സംവിധാനത്തിലൂടെയുള്ള പകർച്ചവ്യാധി നിരീക്ഷണപ്രവർത്തനങ്ങൾ.<br>• അതിഥി സംസ്ഥാനതൊഴിലാളി മേഖല ഉൾപ്പെടെയുള്ള പിന്നോക്ക മേഖലകളിൽ പ്രത്യേകശ്രദ്ധ.<br>• കൊതുകജന്യ, ജലജന്യ, ജന്തുജന്യ, വായുജന്യ രോഗങ്ങൾക്കെതിരെയുള്ള ഊർജിത നിയന്ത്രണ മാർഗങ്ങൾ. |

| | | | |
|---|---|---|---|
| | | | • പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധന (ഹെൽത്തി കേരള)<br>• ബോധവത് കരണ ശീലവത് കരണ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ. പബ്ലിക് ഹെൽത്ത് ലാബുകൾ ഉൾപ്പെടെയുള്ള എല്ലാ ഗവൺമെന്റ് ലാബറട്ടറികളുടെയും ഓട്ടോമേഷൻ ഉൾപ്പെടെ ഉള്ള പരിശോധന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ.<br>• പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഘട്ടം ഘട്ടമായി കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റുന്നു.<br>• ജില്ലാ / താലൂക്ക് തല ആശുപത്രികളുടെ സൂപ്പർ സ്പെഷ്യാലിറ്റി / സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടിയ വികസനം<br>• ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനം<br>• ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കൽ<br>• ആരാഗ്യവകുപ്പിലെ ആശുപത്രികളിൽ മുൻപ് ഉണ്ടായിരുന്ന 43 ഡയാലിസിസ് യൂണിറ്റുകൾ കൂടാതെ KIIFB ഫണ്ട് ഉപയോഗിച്ച് 44 ഡയാലിസിസ് യൂണിറ്റുകളും, പ്ലാൻ പദ്ധതിപ്രകാരമുള്ള 9 ഡയാലിസിസ് യൂണിറ്റുകളും കൂടി പ്രവർത്തന സജ്ജമായിവരുന്നു. |
| (ബി) | സർക്കാർ ആശുപത്രികളിൽ ഗുണമേന്മയുള്ള ചികിത്സയും അതോടൊപ്പം മാന്യമായ പെരുമാറ്റവും രോഗികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | ആർദ്രം പദ്ധതിപ്രകാരം തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് / ജില്ലാ /ജനറൽ ആശുപത്രികളിൽ ഗുണമേൻമയുള്ള ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനായി അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും, സൂപ്പർസ്പെഷ്യാലിറ്റി ഉൾപ്പെടേയുള്ള തസ്തികകൾ സൃഷ്ടിക്കുകയും ആയതിൻപ്രകാരം നിയമനം നടത്തുന്നതിനും ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനും ഉള്ള നടപടി സ്വീകരിച്ചുവരികയാണ്. ആശുപത്രിയെ ആശ്രയിക്കുന്ന രോഗികളോട് സൗഹാർദ്ദപരമായി പെരുമാറുന്നതിനുള്ള പരിശീലന പരിപാടികൾ ആർദ്രം പദ്ധതിപ്രകാരം നൽകി വരുന്നു. ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ആവശ്യമായ ഇരിപ്പിടം, കുടിവെള്ളം , ടോക്കൺ സംമ്പ്രദായങ്ങൾ, റാംമ്പ് സൗകര്യം, ടെലിവിഷൻ മുതലായവ ഏർപ്പെടുത്തി ആശുപത്രികൾ രോഗീസൗഹൃദമാക്കി അവർക്ക് മാന്യമായ പരിഗണന നൽകിവരുന്നു. രോഗികളോട് / പൊതുജനങ്ങളോട് മോശമായി പെരുമാറുന്നതായി ശ്രദ്ധയിൽപ്പെടുകയോ |

| | | | |
|---|---|---|---|
| | | | പരാതി ലഭിക്കുകയോ ചെയ്താൽ കുറ്റക്കാരായ ജീവനക്കാർക്കെതിരെ സർക്കാർ ജീവനക്കാർക്കെതിരെയുള്ള ശിക്ഷണനടപടികൾ പ്രകാരം അച്ചടക്കനടപടി കൈക്കൊള്ളുന്നതുമാണ്. |
| (സി) | സർക്കാർ ആശുപത്രികളിലെ ലബോറട്ടറി സൗകര്യങ്ങളുടെയും സ്കാനിംഗ് ഉൾപ്പെടെയുള്ള രോഗ നിർണ്ണയ സംവിധാനങ്ങളുടെയും അപര്യാപ്തത പരിഹരിക്കാനായി ചെയ്തു വരുന്ന കാര്യങ്ങൾ അറിയിക്കാമോ: | (സി) | സംസ്ഥാനത്ത് നിലവിലുള്ള എല്ലാ താലൂക്ക് /ജില്ലാ /ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ടതും ആധുനിക സൗകര്യങ്ങളോട് കൂടിയതുമായ ലാബോറട്ടറി സംവിധാനങ്ങൾ ലഭ്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരാഗ്യസ്ഥാപനങ്ങളിലായി 473 ലബോറട്ടറി ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പത്തനംതിട്ട, മലപ്പുറം, വയനാട്, എന്നീ ജില്ലകളിൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകൾ അനുവദിക്കുകയും അധിക തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ മലപ്പുറം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലാബറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി താഴെപ്പറയുന്ന തുക സർക്കാരിൽനിന്നും അനുവദിച്ചിട്ടുണ്ട്.<br>2017-2018 – 5 കോടി<br>2018-2019 - 7 കോടി<br>ഈ തുക വിനിയോഗിച്ച് ലാബ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ KMSCL മുഖേന നടത്തി വരുന്നു. |
| (ഡി) | മറ്റിടങ്ങളെക്കാൾ ശിശുമരണ നിരക്ക് ഉയർന്നു നിൽക്കുന്ന അട്ടപ്പാടിയുൾപ്പെടെയുള്ള പട്ടിക ഗോത്രവർഗ്ഗ മേഖലകളിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## അട്ടപ്പാടിയിലെ ശിശു മരണം കുറയ്ക്കുവാൻ സ്വീകരിച്ച നടപടികൾ

**. അടിയന്തിര നടപടികൾ**

1. അടിയന്തിരമായി അട്ടപ്പാടി മുഴുവൻ ഒരു സ്ക്രീനിംഗ് ക്യാമ്പ് നടത്തി 299 ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികളെ കണ്ടെത്തി വേണ്ട ചികിത്സ നൽകുവാനുള്ള നടപടി സ്വീകരിച്ചു.
2. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് യൂണിസെഫ്, നാഷണൽ ന്യൂട്രീഷൻ ഇൻസ്റ്റിട്യൂട്ട് എന്നിവയുടെ നേതൃത്വത്തിൽ പോഷകാഹാര പുനരധിവാസകേന്ദ്രങ്ങൾ മൂന്ന് എണ്ണം (അഗളി സി.എച്ച്.സി.-1, പുതൂർ പി.എച്ച്.സി.-1, ഷോളയൂർ പി.എച്ച്.സി.-1) ആരംഭിച്ചു. അതിനുള്ള ട്രെയിനിംഗ്, കെട്ടിടങ്ങൾ, ഭക്ഷണസാധനങ്ങൾ എന്നിവ തയ്യാറാക്കി, പദ്ധതിക്കായി വാഹനങ്ങൾ ഏർപ്പാടാക്കി. പ്രവർത്തനങ്ങൾക്കായി അട്ടപ്പാടി പാക്കേജ് എന്ന പേരിൽ 4.33 കോടി രൂപ ആരോഗ്യ കേരളം വഴി ലഭ്യമാക്കി.
3. അയൺ ഫോളിക് ആസിഡ് ഗുളികകളുടെ ലഭ്യത ഉറപ്പ് വരുത്തി.

**ഹ്രസ്വകാല നടപടികൾ**

1. 24 സബ് സെന്ററുകൾ റിപ്പയർ ചെയ്ത് ജെ.പി.എച്ച്.എൻ. മാർക്ക് താമസയോഗ്യമാക്കി 24 മണിക്കൂർ പ്രവർത്തന സജ്ജമാക്കി.
2. 2-ാമത് 1 ജെ.പി.എച്ച്.എൻ.-നെ കൂടി നിയമിച്ച് പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കി.
3. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടത്തറയിൽ തൂക്കം കുറവുള്ള കുഞ്ഞ് ജനിച്ചാൽ അതിനെ സംരക്ഷിക്കുന്നതിനുള്ള ഉപകരണങ്ങൾ, ഡോക്ടർമാർക്കും നേഴ്സുമാർക്കും ട്രെയിനിംഗ് എന്നിവ നൽകി.
4. ശിശുരോഗ വിദഗ്ദനെയും, ഗൈനക്കോളജിസ്റ്റിനെയും, അനസ്തേഷ്യ ഡോക്ടറെയും സർജനെയും നിയമിച്ചു.
5. നവജാത ശിശു ഐ.സി.യു. സ്ഥാപിച്ചു.
6. പുതിയ 75 തസ്തികകൾ സൃഷ്ടിച്ചു.
7. പാരാ മെഡിക്കൽ ജീവനക്കാർക്കും മറ്റും ട്രെയിനിംഗ് നൽകി.
8. ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്താൻ വേണ്ടി 20% അധികം ഡി.എ. അനുവദിച്ചു. ഡോക്ടർമാർക്ക് 20,000/- രൂപ അധികം നൽകാൻ തീരുമാനമായി.
9. കോട്ടാത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ രക്ത സംഭരണ യൂണിറ്റും, അൾട്രാ സൗണ്ട് സ്കാനിംഗും ആരംഭിച്ചു.
10. ആദിവാസി ഗർഭിണികളുടെ പ്രസവം എപ്പോഴും പറഞ്ഞ തീയതിക്ക് മുൻപേ ആയതിനാൽ വീട്ടിലെ പ്രസവം ഒഴിവാക്കാൻ ഇ.ഡി.സി. മോണിറ്ററിംഗ് സെൽ ആരംഭിച്ചു. എൻ.ആർ.സി.-യിൽ അഡ്മിറ്റാകാത്ത കുട്ടികൾക്ക് സി.സാം പരിപാടി ആരംഭിച്ചു. ഇതുവഴി വീടുകളിലേയ്ക്ക് പോഷകാഹാരം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
11. മൂന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കൂടി പാസാക്കി, ആകെ 5 മൊബൈൽ യൂണിറ്റുകൾ പ്രതിമാസം 24 ക്യാമ്പുകൾ വച്ച് നടത്തുന്നു. ദിവസവും ഊരുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

12. ജാതക്, ജനനി എന്നീ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കി യഥാക്രമം ശിശുക്കളുടെ തൂക്കവും ഗർഭിണികളുടെ ആരോഗ്യവും ദിനം പ്രതി മനസ്സിലാക്കുന്നതിനുള്ള നടപടികൾ ഉണ്ടായി.

13. പോഷകാഹാരക്കുറവും, തൂക്കം കുറഞ്ഞ കുഞ്ഞുള്ള ഗർഭിണികളെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 3 മാസത്തോളം താമസിപ്പിച്ച് പോഷകസമൃദ്ധമായ ആഹാരം നൽകി തൂക്കമുള്ള കുഞ്ഞാക്കി പ്രസവിപ്പിക്കാൻ നടപടികൾ ഉണ്ടായി.

14. കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് 18 വയസ്സാകുമ്പോൾ 45 കിലോഗ്രാം ശരീരഭാരം ഉണ്ടാക്കുന്ന രീതിയിലുള്ള ആരോഗ്യ ബോധവത്കരണ പരിപാടികളും, മെൻസ്ട്രുവൽ ഹൈജീൻ പരിപാടികളും ആരംഭിച്ചു.

15. സ്കൂളുകൾ കേന്ദ്രീകരിച്ച് "ഒരുമ" എന്ന പേരിൽ ഹെൽത്ത് ക്ലബുകൾ കൂടുതൽ കാര്യക്ഷമമാക്കി.

16. ആരോഗ്യം, സാമൂഹ്യനീതി, പട്ടിക വർഗ്ഗ വികസനം, കുടുംബശ്രീ, തദ്ദേശ സ്വയം ഭരണം, പോലീസ്, കൃഷി, മൃഗ സംരക്ഷണം, റവന്യൂ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒറ്റപ്പാലം സബ് കളക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി.

17. 2016-ൽ ശിശു മരണം 8 ആക്കി കുറയ്ക്കാൻ സാധിച്ചു. ശിശുമരണം 2013-ൽ 31-ഉം, 2014-ൽ 15-ഉം, 2015-ൽ 14-ഉം ആയിരുന്നു.

18. ഗുരുതരമായ പോഷകക്കുറവുള്ള കുട്ടികളുടെ എണ്ണം 299-ൽ നിന്നും 36 ആയി കുറഞ്ഞു.

19. ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും എടുത്ത ശക്തമായ നടപടികളുടെ ഭാഗമായാണ് ഇത്തരത്തിലുള്ള മാറ്റം ഉണ്ടാക്കാൻ സാധിച്ചത്. കേരളത്തിന്റെ ശിശുമരണ നിരക്ക് 13 ആയിരിക്കെ അട്ടപ്പാടിയിലേത് 9-താക്കി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

**ദീർഘകാല നടപടികൾ**

ആദിവാസി കുടുംബത്തിന് ഭൂമിക്ക് രേഖ ലഭ്യമാക്കൽ, കൃഷി, മൃഗ സംരക്ഷണം, കുടിവെള്ളം, കക്കൂസ്, തൊഴിൽ, ഭവനം തുടങ്ങിയ നടപടികളിൽ കൂടി സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ അനുബന്ധ വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്നു.

**<u>നോഡൽ ഓഫീസർ, ട്രൈബൽ ഹെൽത്ത് അട്ടപ്പാടി - പ്രത്യേക ചുമതലകൾ</u>**

1. പ്രത്യേക നിയുക്ത സംഘത്തെ ഉപയോഗിച്ച് ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികൾ, ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികൾ, തെറാപ്പ്യൂട്ടിക് ഫുഡ് കഴിക്കുന്ന കുട്ടികളുടെയും, അംഗൻവാടി മുഖേനയുള്ള പോഷകാഹാരവിതരണം എൻ.ആർ.സി.യിലെ കുട്ടികളുടെ പരിചരണം എന്നിവയ്ക്ക് നടപടി എടുത്ത് വരുന്നു.

2. ഗർഭിണികളെ നിരീക്ഷിക്കുന്നു. വീട്ടിലെ പ്രസവം ഒഴിവാക്കാനായി എസ്.ടി പ്രമോട്ടർമാർ, ആശാവർക്കർമാർ, ഐ.സി.ഡി.എസ്. വർക്കർ, കുടുംബശ്രീ പ്രവർത്തകർ, എക്സൈസ് വകുപ്പ്, ജനമൈത്രി പോലീസ് എന്നിവരുടെ സഹായത്തോടെ പ്രസവ തീയതിക്ക് രണ്ടാഴ്ചമുൻപ് തന്നെ കോട്ടത്തറ ആശുപത്രിയിൽ അഡ്മിറ്റാക്കുകയും പ്രത്യേക പരിചരണം നൽകി വരികയും ചെയ്യുന്നു.

3. തൂക്കം കുറഞ്ഞ ഗർഭസ്ഥശിശുവുള്ള ഗർഭിണികളെ നാലാം മാസത്തിൽ തന്നെ കോട്ടത്തറ ആശുപത്രിയിൽ അഡ്മിറ്റാക്കുകയും അവർക്ക് വേണ്ട പോഷകാഹാരം ഡയറ്റിൽ ഉൾപ്പെടുത്തി നൽകിവരികയും അവരെ നിരീക്ഷിക്കുകയും ചെയ്തു വരുന്നു.

4. കോട്ടത്തറ ആശുപത്രിയിലെ എൻ.എൻ.സി.യു.-ൽ നിന്നും ഡിസ്ചാർജ്ജാവുന്ന നവജാത ശിശുക്കളെ 8 ദിവസം, 1 മാസം, 3 മാസം, 6 മാസം, 1 വർഷം എന്ന രീതിയിൽ തുടർ ചികിത്സ നൽകി വരുന്നു.

5. അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജാകുന്ന നവജാത ശിശുക്കളെ 3, 7, 14, 21, 28, 42 എന്നീ ദിവസങ്ങളിൽ ഫീൽഡ് സ്റ്റാഫ് മുഖേന പ്രത്യേക ശ്രദ്ധ ചെലുത്തി തുടർ ചികിത്സ നൽകിവരുന്നു.

6. ഒറ്റപ്പെട്ട ഗ്രാമങ്ങളിലെ പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും പരിചരിക്കുന്നതിനായി അട്ടപ്പാടിയിലെ മൊബൈൽ മെഡിക്കൽ യൂണിറ്റിന് പ്രത്യേക നിർദ്ദേശം നൽകുകയും, ഇതിന്റെ പ്രവർത്തനം വിശകലനം ചെയ്യുകയും ചെയ്യുന്നു.

7. മഞ്ചേരി മെഡിക്കൽ കോളേജിലെ ഹൗസ് സർജ്ജൻമാരെ ഉപയോഗിച്ച് മുകളിൽ പറഞ്ഞ രോഗികളുടെ തുടർ ചികിത്സ നിരീക്ഷിച്ചുവരുന്നു. ഇതുവഴി സിക്കിൾ സെൽ, വന്ധ്യത, കിടപ്പിലായ രോഗികൾ, ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികൾ, എൻ.എൻ.സി.യു.-വിൽ നിന്നും ഡിസ്ചാർജ്ജാകുന്ന തൂക്കം കുറഞ്ഞ കുഞ്ഞുങ്ങൾ എന്നിവർക്ക് തുടർ ചികിത്സ നൽകുക.

8. അട്ടപ്പാടിയിലെ പുതൂർ, ആനക്കട്ടി, ഷോളയൂർ പി.എച്ച്.സി.കളുടെയും, അഗളി സി.എച്ച്.സി.യുടെയും 5 മൊബൈൽ യൂണിറ്റുകളുടെയും, കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കുക.

9. എല്ലാ മാസവും എല്ലാത്തരം ജീവനക്കാരുടെയും അവലോകന യോഗം കൂടി തീരുമാനങ്ങൾ നടപ്പിലാക്കുക.

10. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ സൂപ്രണ്ടിന്റെ ചുമതലകൾ നിർവ്വഹിക്കുക.

11. ബ്ലോക്ക് പഞ്ചായത്ത്, ആരോഗ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണം (അരിവാൾ രോഗ പദ്ധതി, പാലിയേറ്റീവ് കെയർ, ഇമേജ് വെയ്സ്റ്റ് നിർമ്മാർജ്ജനം, ലാബ് റീയേജന്റ്, ദൈനംദിന ചിലവുകൾ, ഒ.പി. കമ്പ്യൂട്ടർവത്കരണം, വയോജന വാർഡ്, മാതൃകാ പ്രസവ വാർഡ്, വൈദ്യുതി കുടിശ്ശിക, പോസ്റ്റ് ഓപ്പറേറ്റീവ് ഫാൾസ് സീലിംഗ്, വാഹന ഷെഡ്).

12. കോട്ടത്തറ ആശുപത്രി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണം (ടോട്ടൽ ഹെൽത്ത് എൻറിച്ച്മെന്റ് ആന്റ് മെയിന്റനൻസ് പ്രോഗ്രാം, ഒരുമ ക്ലബ്, രക്തദാന ക്യാമ്പ്, ചുറ്റുമുള്ള ഊരിന്റെയും, ടൗണിന്റെയും ആരോഗ്യ പരിപാലനം).

സെക്ഷൻ ഓഫീസർ